THE EDUCATION STATE

EARLY CHILDHOOD

# ട്രാൻസിഷൻ: സ്കൂളിലേക്ക് ഒരു ശുഭാരംഭം

ട്രാൻസിഷൻ ലേണിംഗ്, ഡവലപ്പ്മെന്റ് സ്റ്റേറ്റ്മെന്റ് പൂരിപ്പിക്കുന്നതിനായി കുടുംബങ്ങളെ സഹായിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

## സ്കൂളിലേക്കുള്ള ശുഭാരംഭം എന്തുകൊണ്ട് പ്രധാനമാണ്?

സ്കൂളിലേക്കുള്ള ശുഭാരംഭം, നിങ്ങളുടെ കുട്ടിയെ നന്നായി പഠിക്കാനും അവരുടെ ക്ഷേമം ഉറപ്പാക്കാനും സഹായിക്കുന്നു. ഇത് ഇനിപ്പറയുന്ന കാര്യങ്ങളിൽ സഹായിക്കുന്നു:

- പഠന, വികാസ പ്രക്രിയയിൽ നിന്ന് ശ്രദ്ധതിരിക്കുന്ന കാര്യങ്ങൾ ഒഴിവാക്കാൻ
- സുരക്ഷിത ബോധവും ആത്മവിശ്വാസവും വളർത്താനും സൗഹൃദം സ്ഥാപിക്കാനും
- സാഹചര്യങ്ങളോട് പൊരുത്തപ്പെടാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.

## ട്രാൻസിഷൻ ലേണിംഗ്, ഡെവലപ്പ്മെന്റ് സ്റ്റേറ്റ്മെന്റ് എന്താണ്?

ചൈൽഡ്ഹുഡ് സർവീസിൽ നിന്ന് സ്കൂളിലേക്ക് പോകുമ്പോൾ എല്ലാ കുട്ടികൾക്കായും ട്രാൻസിഷൻ ലേണിംഗ്, ഡവലപ്പ്മെന്റ് സ്റ്റേറ്റ്മെന്റ് (ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് എന്ന് അറിയപ്പെടുന്നത്) തയ്യാറാക്കുന്നു. സേവനങ്ങൾ, സ്കൂളുകൾ, കുടുംബങ്ങൾ എന്നിവയ്ക്കിടയിൽ വിവരങ്ങൾ പങ്കിടുന്നത് ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് എളുപ്പമാക്കുന്നു.

നിങ്ങളുടെ കുട്ടിയുടെ ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിൽ ഇനിപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു:

- കുട്ടിയുടെ പേര്, ജനനത്തീയതി, ഫോട്ടോ
- നിങ്ങളുടെ പേര്, ബന്ധപ്പെടാനുള്ള വിവരങ്ങൾ
- ചൈൽഡ്ഹുഡ് സർവീസിന്റെയും നിങ്ങളുടെ കുട്ടിയെ പരിചരിക്കുന്ന മറ്റേതെങ്കിലും ചൈൽഡ്ഹുഡ് സർവീസ് ജീവനക്കാരുണ്ടെങ്കിൽ അവരുടെയും പേരും ബന്ധപ്പെടാനുള്ള വിവരങ്ങളും.
- നിങ്ങളുടെ കുട്ടിയുടെ താൽപ്പര്യങ്ങൾ, ശേഷികൾ, കഴിവുകൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ
- നിങ്ങളുടെ കുട്ടിയെ പഠനത്തിൽ സഹായിക്കാൻ ആവശ്യമായ അധ്യാപന തന്ത്രങ്ങൾ.

നിങ്ങളുടെ കുട്ടിയെ മനസ്സിലാക്കാനും പഠനം ആസൂത്രണം ചെയ്യാനും കുട്ടി പഠിക്കുന്ന സ്കൂളിനെയും പ്രെപ് ടീച്ചറിനെയും ഈ വിവരങ്ങൾ സഹായിക്കുന്നു. നിങ്ങളുടെ സ്കൂളിൽ പോയി തുടങ്ങുമ്പോൾ അവരുടെ പഠനത്തെ കുറിച്ച് മനസ്സിലാക്കാനും വിശകലനം ചെയ്യാനും പിന്തുണ നൽകാനും ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് നിങ്ങളെ സഹായിക്കും.

നിങ്ങളുടെ കുട്ടിക്ക് സ്കൂളിലെ പ്രവൃത്തി സമയം കഴിഞ്ഞുള്ള പരിചരണം (OSHC) ആവശ്യമുണ്ടെങ്കിൽ, OSHC സേവനത്തിനും ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് നൽകും.

നിങ്ങളുടെ കുട്ടിയുടെ ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് ഇനിപ്പറയുന്ന കാര്യങ്ങൾക്ക് സഹായകരമാണ്:

- കുട്ടിയുടെ താൽപ്പര്യങ്ങൾക്ക് അനുസൃതമായി ആസൂത്രണം ചെയ്യാൻ
- ചൈൽഡ്ഹുഡ് സർവീസിൽ നിന്ന് സ്കൂളിലേക്കുള്ള മാറ്റം സുഖമമാക്കുന്നതിൽ സഹായിക്കാൻ.

## ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിൽ നിങ്ങൾ നൽകുന്ന വിവരങ്ങൾ

ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിൽ നിങ്ങളുടെ അഭിപ്രായങ്ങൾ കൂട്ടിച്ചേർത്ത് കുട്ടിയുടെ സ്കൂൾ ജീവിതത്തിന് ഒരു ശുഭകരമായ തുടക്കം നൽകാൻ നിങ്ങൾക്ക് കഴിയും.

ഒന്നിലധികം പേർ പൂരിപ്പിക്കേണ്ട വിഭാഗങ്ങൾ ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിൽ ഉണ്ട്:

VICTORIA State Government | Education and Training

**1, 1.1 എന്നീ വിഭാഗങ്ങൾ** കുട്ടിയുടെ ചൈൽഡ്ഹുഡ് എഡ്യൂക്കേറ്റർ പൂരിപ്പിക്കേണ്ടതാണ്.

നിങ്ങളുടെ കുട്ടിക്ക് ശാരീരിക വൈകല്യമോ വളർച്ചാ പരിമിതിയോ ഉണ്ടെങ്കിൽ **വിഭാഗം 1.2** കുട്ടിയുടെ ചൈൽഡ്ഹുഡ് എഡ്യൂക്കേറ്റർ പൂരിപ്പിക്കേണ്ടതാണ്. നിങ്ങളുടെ കുട്ടിയെ പരിചരിക്കുന്ന മറ്റ് ചൈൽഡ്ഹുഡ് സർവീസ് ജീവനക്കാർക്കും ഇതിലേക്ക് വിവരങ്ങൾ നൽകാവുന്നതാണ്.

**വിഭാഗം 2:** ഈ ഭാഗം നിങ്ങളുടെയോ ചൈൽഡ്ഹുഡ് എഡ്യൂക്കേറ്ററുടെയോ സഹായത്തോടെ നിങ്ങളുടെ **കുട്ടി** പൂരിപ്പിക്കേണ്ടതാണ്.

**വിഭാഗം 3:കുടുംബം** എന്ന വിഭാഗം നിങ്ങൾ പൂരിപ്പിക്കേണ്ടതാണ്. ഇനിപ്പറയുന്നതിനെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഇവിടെ പൂരിപ്പിക്കുക:

- നിങ്ങളുടെ കുട്ടിയുടെ താൽപ്പര്യങ്ങൾ
- നിങ്ങളുടെ കുട്ടിയുടെ സ്കൂൾ പഠനവുമായി ബന്ധപ്പെട്ട് നിങ്ങളുടെ പ്രതീക്ഷകൾ, ആഗ്രഹങ്ങൾ, ലക്ഷ്യങ്ങൾ തുടങ്ങിയവ.

കുട്ടിയുടെ ടീച്ചർക്കും (OSHC-ലേക്ക് പോകുന്നുണ്ടെങ്കിൽ, OSHC എഡ്യൂക്കേറ്റർക്കും) നിങ്ങളുമായും നിങ്ങളുടെ കുട്ടിയുമായും നന്നായി ആശയവിനിമയം നടത്താനും പഠന, വികാസ പ്രക്രിയയിൽ ആവശ്യമായ പിന്തുണ നൽകാനും ഈ വിവരങ്ങൾ അവരെ സഹായിക്കുന്നു.

## അടുത്ത ഘട്ടം എന്താണ്

വിഭാഗം 3 (ഒപ്പം വിഭാഗം 2-ഉം, അത് പൂരിപ്പിക്കാൻ നിങ്ങൾ കുട്ടിയെ സഹായിച്ചിട്ടുണ്ടെങ്കിൽ) പൂരിപ്പിച്ച ശേഷം കുട്ടിയുടെ ചൈൽഡ്ഹുഡ് എഡ്യൂക്കേറ്ററുടെ കൈവശം തിരികെ ഏൽപ്പിക്കുക.

അവർ ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിന്റെ എല്ലാ വിഭാഗങ്ങളും ഒരുമിച്ച് കൂട്ടിച്ചേർത്ത്, ഇനിപ്പറയുന്നവർക്ക് ഓരോ പകർപ്പ് നൽകുകയുംചെയ്യുന്നു:

- നിങ്ങൾക്ക്
- നിങ്ങളുടെ കുട്ടിയുടെ സ്കൂളിന്
- OSHC സേവനം ആവശ്യമുണ്ടെങ്കിൽ അവർക്ക്.

നിങ്ങൾ ഇതുവരെ ഒരു സ്കൂൾ തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ, ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിന്റെ രണ്ടാമത്തെ പകർപ്പ് നിങ്ങൾക്ക് നൽകും. കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ നിങ്ങൾക്ക് ഈ പകർപ്പ് നൽകാവുന്നതാണ്.

വിഭാഗം 3 പൂരിപ്പിച്ച് തിരികെ ഏൽപ്പിച്ചിട്ടില്ലെങ്കിലും ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിന്റെ പൂരിപ്പിച്ച ബാക്കി ഭാഗം, ചൈൽഡ്ഹുഡ് എഡ്യൂക്കേറ്റർ നിങ്ങൾക്കും നിങ്ങളുടെ കുട്ടിയുടെ സ്കൂളിനും OSHC സേവനം ആവശ്യമുണ്ടെങ്കിൽ അവർക്കും നൽകും.

ട്രാൻസിഷൻ സ്റ്റേറ്റ്മെന്റിലേക്ക് വിവരങ്ങൾ നൽകുന്നത്, കുട്ടികൾക്ക് സ്കൂളിലേക്കുള്ള മാറ്റം എളുപ്പമാക്കാൻ സഹായിക്കുന്നു. എന്നിരുന്നാലും, കുട്ടി പഠിക്കുന്ന സ്കൂളുമായി ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ് പങ്കിടാൻ നിങ്ങൾക്ക് താൽപ്പര്യമില്ലെങ്കിൽ, കുട്ടിയുടെ ചൈൽഡ്ഹുഡ് എഡ്യൂക്കേറ്ററെ ബന്ധപ്പെടുക.

ചില കുട്ടികളുടെ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പു വരുത്തുന്നതിന് ചിലപ്പോൾ വിക്ടോറിയൻ വിദ്യാഭ്യാസ, പരിചരണ ഉദ്യോഗസ്ഥർ വിവരങ്ങൾ പങ്കിട്ടേക്കാം. ചൈൽഡ്ഹുഡ് എഡ്യൂക്കേഷൻ സേവനത്തിന് അവരുടെ സേവനങ്ങൾ നിർവഹിക്കുന്നതിനും വിവേചനരഹിതമായി പ്രവർത്തിക്കുന്നതിനും ആരോഗ്യ, സുരക്ഷാ സംബന്ധമായ ആവശ്യങ്ങൾക്കും കുട്ടികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനും നിങ്ങളുടെ കുട്ടിയുടെയോ കുടുംബത്തിന്റെയോ വിവരങ്ങൾ ചൈൽഡ്ഹുഡ് എഡ്യൂക്കേഷൻ സർവീസ് പങ്കിട്ടേക്കാം. കൂടുതൽ വിവരങ്ങൾക്ക്, https://www.vic.gov.au/information-sharing-schemes-and-the-maram-framework സന്ദർശിക്കുക.

## കൂടുതൽ വിവരങ്ങൾക്ക്

ഈ വെബ്സൈറ്റ് സന്ദർശിക്കൂ www.education.vic.gov.au/transitiontoschool.

www.education.vic.gov.au/transitiontoschool എന്ന വെബ്സൈറ്റിൽ വിവിധ ഭാഷകളിൽ ഈ ഡോക്യുമെന്റ് ലഭ്യമാണ്.